# എയുപി എസ് ആലന്തട്ട

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## സ്കൂൾ തലം

# ആമുഖം

1954 സ്ഥാപിതമായ സ്കൂളാണ് ആലന്തട്ട എ യു പി സ്കൂൾ . കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഉപജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിലാണ് ഈ കൊച്ചു വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചെറുവത്തൂർ ഉപജില്ലയിലെ മികച്ച സ്കൂളുകളിൽ പെടുന്ന ഒരു മികച്ചവിദ്യാലയം കൂടിയാണ് ആലന്തട്ട എ യുപി സ്കൂൾ. രക്ഷിതാക്കളുടെയും പിടിഎയുടെയും സജീവ ഇടപെടലിലൂടെ അക്കാദമികവും, അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ നല്ല രീതിയിൽ ഇവിടെ നടത്തിവരുന്നു.

മുഴുവൻ പഠന ലക്ഷ്യങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന രീതിയിൽ ക്ലാസ് തലത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൽ നിന്നും സ്കൂളിലേക്ക് തെരഞ്ഞെടുത്ത ഏതാനും അക്കാദമിക പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു .കൂടാതെ സ്കൂളിൻറെ തനത് പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കുട്ടികളിൽ ഉണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും ,പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരവും ലളിതവും ആക്കുകയും ചെയ്യുക എന്നതും ഇതിൻറെ ലക്ഷ്യമാണ്. കൂടാതെ സന്തോഷകരമായ സ്കൂൾ അന്തരീക്ഷം ഒരുക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു .പഠന പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടുകൂടി നടപ്പിലാക്കാൻ ഇതുവഴി സാധിക്കും. കൂടാതെ  സ്വയം പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് പഠനം മുന്നോട്ടു കൊണ്ടുപോകാനും കഴിയും. പിന്നോക്കക്കാരെയും മുന്നോക്കക്കാരെയും ശരാശരിക്കാരെയും ഒരുപോലെ പരിഗണിച്ചുകൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- നല്ല ആശയവിനിമയശേഷി നേടുന്നതിന് കുട്ടികളെ തയ്യാറാക്കുക
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് ഉണ്ടാക്കുക
- ലൈബ്രറി പുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുക.
- ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ഭാഷാശേഷി വികസിപ്പിക്കുക
- ഗണിതപരമായിട്ടുള്ള കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുക
- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- ഗ്രൂപ്പ്പ്രവർത്തനങ്ങളിലൂടെ കുട്ടികളെ സ്വയം പഠനത്തിന് സന്നദ്ധമാക്കുക
- സന്തോഷകരമായ സ്കൂൾ അന്തരീക്ഷത്തിൽ മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക
- മുഴുവൻ പഠന ലക്ഷ്യങ്ങളും മുഴുവൻ കുട്ടികൾക്കും ലഭിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- ശാസ്ത്ര കൗതുകം വളർത്താനും കൂടുതൽ അറിയാനും ശാസ്ത്ര പരീക്ഷണങ്ങൾ, നിരീക്ഷണം , അന്വേഷണം, ഫീൽഡ് ട്രിപ്പ് എന്നിവയിൽ ഏർപ്പെടാനുള്ള സാഹചര്യം ഉണ്ടാക്കുക
- സമൂഹത്തിൻറെ ഭാഗമാണ് തങ്ങൾ എന്ന ബോധ്യം കുട്ടികളിൽ ഉണ്ടാക്കുന്ന രീതിയിൽ സാമൂഹിക നന്മകൾ ഉയർത്തിക്കാട്ടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കുട്ടികൾക്ക് അവസരം ഉണ്ടാക്കുക
- മുഴുവൻ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ്. ഹിന്ദി, സംസ്കൃതം തുടങ്ങിയവ വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
- ഗണിതം, സാമൂഹ്യ ശാസ്ത്രം ,ശാസ്ത്രം എന്നിവയിൽ സ്വയം നിയന്ത്രിത പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
- കുട്ടി ശാസ്ത്രജ്ഞനായി നിന്നുകൊണ്ട് അന്വേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

# പ്രവർത്തനങ്ങൾ

**വിഷയം : ഭാഷ (മലയാളം)**

| പ്രവർത്തനങ്ങൾ | വിശദാംശം | കാലയളവ് | പിന്തുണ |
|---|---|---|---|
| വളരുന്ന വായന വാട്സാപ്പ് ഗ്രൂപ്പ് | ലൈബ്രറി പുസ്തകങ്ങളുടെ വായന പരിപോഷിപ്പിക്കുക.<br>കുട്ടികൾ വായിച്ച പുസ്തകം പരിചയപ്പെടുത്തുക<br>കുട്ടികളുടെ സർഗ സൃഷ്ടികൾ കോർത്തിണക്കി ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കുക. | വർഷം മുഴുവനും | ബഡിംഗ് റൈറ്റേഴ്സ് - ക്ലബ്ബ് വായനാ കൂട്ടം ലൈബ്രറി വിദ്യാരംഗം |
| വായന - വായനാ ക്കുറിപ്പ് തയ്യാറാക്കൽ വളരുന്ന വായനയിലേക്ക് ..... ..... | ക്ലാസുകളിൽ ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പുസ്തകങ്ങൾ ശേഖരിച്ച് വായനാ സൗകര്യം ഏർപ്പെടുത്തുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. 1 'വളരുന്ന വായന ' പരിപാടിയിൽ അവതരണം നടത്തുന്നു. | വർഷം മുഴുവനും | SRG<br>1 മുതൽ 7 വരെയുള്ള മലയാളം അധ്യാപകർ |
| വാർത്താ ലോകം - അറിവിടത്തിൽ | പത്രം ആഴ്ചപ്പതിപ്പ് , മാസികകൾ എന്നിവ വായിക്കുകയും വിവരങ്ങൾ, പ്രതികരണശേഷി ഇവ വളർത്തുകയും | വർഷം മുഴുവനും | 1 മുതൽ 7 വരെയുള്ള മലയാളം അധ്യാപക |

| | | | |
|---|---|---|---|
| | ചെയ്യുന്നു.<br>നവ മാധ്യമങ്ങളുടെ സഹായത്താൽ കുട്ടികൾ പത്രവാർത്ത തയ്യാറാക്കി വരുന്നു. ക്ലാസ് തല വായന നടത്തുന്നു. തുടർന്ന് അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ചോദ്യങ്ങളായി ' അറിവിടം' ത്തിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ചർച്ച ചെയ്യുന്നു. - | | ർ |
| - വായനാ സാമാഗ്രികൾ നിർമിക്കൽ | ക്ലാസ് സന്ദർഭത്തിനനുസരിച്ച് കുട്ടികൾക്ക് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാ കാർഡ് നിർമ്മാണം<br>കഥാ കാർഡ്, പാട്ട് കാർഡ്, ചിത്രകാർഡ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | CPTA - ഒന്ന്, രണ്ട് ക്ലാസ് |
| കഥോത്സവം | കുട്ടികൾ വിവിധ നാട്ടുകഥകൾ ശേഖരിക്കുന്നു. കഥയുടെ സാരാംശം കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു. നാട്ടുകഥകൾ പറയുന്ന മുതിർന്ന ഒരാളെ കണ്ടെത്തി ക്ലാസ്സിൽ ഒരു പരിപാടി സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് | 1 മുതൽ 7 വരെയുള്ള മലയാളം അധ്യാപകർ |
| ലൈ ബ്രറി - കഥ പറയൽ അമ്മ | കുട്ടികളുടെ വായന, ഭാഷണം, എഴുത്ത് ഇവ മെച്ചപ്പെടുത്തുന്നതിന് അമ്മമാരെ ഉപയോഗപ്പെടുത്തി കുട്ടികളെ സഹായിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | CPTA - ഒന്ന്, രണ്ട് ക്ലാസ് |

| | | | |
|---|---|---|---|
| വായന<br>കേട്ട കഥ<br>പങ്കിടൽ<br>സംയുക്ത<br>ഡയറി | കുട്ടികളുടെ സൃഷ്ടികൾ ഉപയോഗിച്ച്<br>പതിപ്പ്<br>സംയുക് ഡയറി എന്നിവ തയ്യാറാക്കൽ | | |
| വാർത്താ<br>ലോകം -<br>അറിവിട<br>ത്തിൽ | പത്രം ആഴ്ചപ്പതിപ്പ് , മാസികകൾ<br>എന്നിവ  വായിക്കുകയും വിവരങ്ങൾ,<br>പ്രതികരണശേഷി ഇവ വളർത്തുകയും<br>ചെയ്യുന്നു.<br>നവ മാധ്യമങ്ങളുടെ സഹായത്താൽ<br>കുട്ടികൾ പത്രവാർത്ത തയ്യാറാക്കി<br>വരുന്നു. ക്ലാസ് തല വായന നടത്തുന്നു.<br>തുടർന്ന് അതാത് മാസത്തെ പ്രധാന<br>സംഭവങ്ങൾ ചോദ്യങ്ങളായി '<br>അറിവിടം' ത്തിൽ പ്രദർശിപ്പിക്കുന്നു.<br>ഉത്തരങ്ങൾ ചർച്ച ചെയ്യുന്നു. - | വർഷം<br>മുഴുവനും | 1 മുതൽ 7<br>വരെയുള്ള<br>മലയാളം<br>അധ്യാപക<br>ർ |
| ഭാഷാപര<br>മായ<br>പിന്നോക്ക<br>ാവസ്ഥ<br>പരിഹരി<br>ക്കൽ | ഭാഷാപരമായി പിന്നോക്കം<br>നിൽക്കുന്നവർക്ക് പ്രത്യേക<br>പരിശീലനം സംഘടിപ്പിക്കൽ. | ലക്ഷ്യം<br>നേടുന്നതു<br>വരെ. | SRG |
| വായിക്കാം<br>വളരാം.<br>വായനാ<br>ശേഷി | ക്ലാസ്സ് വായനാക്കൂട്ടം.<br>ക്ലാസ്സ് ലൈബ്രറി ഒരുക്കൽ - ആഴ്ചയിൽ<br>ഒരു പുസ്തകം - വിതരണം ചെയ്യുന്നു. | വർഷം<br>മുഴുവനും | SRG<br>മലയാളം<br>അധ്യാപക |

| | | | |
|---|---|---|---|
| വളർത്തൽ<br>-<br>വളരുന്നവ<br>ായന | കുട്ടികൾ തന്നെ വിതരണച്ചുമതല നിർവ്വഹിക്കുന്നു.<br>പുസ്തകപരിചയം വായനാക്കുറിപ്പ് തയ്യാറാക്കൽ അവതരിപ്പിക്കൽ<br>മാർച്ച് വരെ - ഏറ്റവും കൂടുതൽ പുസ്തകം വായിച്ച് വായനാക്കുറിപ്പ് തയ്യാറിക്കയവർക്ക് CPTA യിൽ വച്ച് സമ്മാനം നൽകൽ.<br>വളരുന്ന വായനാ group ൽ online അവതരണം | | ർ |
| അധിക പിന്തുണാ ക്ലാസ് | അക്ഷരങ്ങൾ എഴുതാനും, വായിക്കാനും അറിയാത്ത കുട്ടികൾക്ക് അധിക പിന്തുണാ പരിശീലനം<br>എല്ലാ ദിവസവും<br>രാവിലെ 9.മണി മുതൽ | വർഷം മുഴുവനും | എല്ലാ അധ്യാപകരും |

## വിഷയം : ഭാഷ (സംസ്കൃതം)

| | | | |
|---|---|---|---|
| പദപരിചയം | ചിത്രങ്ങൾ,പദകാർഡുകൾ,<br>ക്ലാസ്സ്മുറിയിലെവസ്തുക്കൾ,പ്രകൃതിയിലെ വസ്തുക്കൾ,<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ ...എന്നിവ | വർഷം മുഴുവനും | സംസ്കൃതം അധ്യാപിക |

| | | | |
|---|---|---|---|
| | അറിവിടങ്ങളിൽ പ്രദർശിപ്പിച്ച് കുട്ടികളിൽ എത്തിക്കുന്നു. | | |
| ലഘുവാക്യ വാചനം | നാമപദ ക്രിയാപദ കാർഡുകൾ ഉപയോഗിച്ചു കൊണ്ട് പദങ്ങൾക്ക് ഉചിതമായക്രിയാ നൽകി ലഘുവാക്യരചനയും വായനയും നടത്തുന്നു. | വർഷം മുഴുവനും | സംസ്കൃതം അധ്യാപിക |
| രാമായണ മാസാചരണ പരിപാടികൾ | സംസ്കൃത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ രാമായണ മാസാചരണ പരിപാടികൾ നടത്തുന്നു. സബ്ജില്ലാതല പരിപാടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ, ജൂലൈ ആഗസ്റ്റ് | സംസ്കൃതം അധ്യാപിക |
| സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം | സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം 1 മുതൽ 7 വരെ ക്ലാസ്സുകളിൽ | ഡിസംബർ, ജനുവരി | സംസ്കൃതം അധ്യാപിക |
| ക്രിയാ പദങ്ങളെ പരിചയപ്പെടുന്നു. | ചിത്രങ്ങളിലൂടെയും,കളികളിലൂടെയും,അനുവാചനത്തിലൂടേയും ക്രിയാപദങ്ങളെ തിരിച്ചറിയുന്നു. | വർഷം മുഴുവനും | സംസ്കൃതം അധ്യാപിക |

**വിഷയം : ഭാഷ (ഇംഗ്ലീഷ്)**

| | | | |
|---|---|---|---|
| Fun time Funda | തെറ്റ് കൂടാതെ എഴുതാനും ഭാഷയോടുള്ളആത്മവിശ്വാസം ഉയർത്തുന്നതിനും കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി മാസത്തിൽ 2 തവണ അറിവിടത്തിൽ ഇംഗ്ലീഷ്കോർണറിൽപ്രദർശിപ്പിക്കുന്നു. തുടർന്ന് കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ |
| Diary Entry | രചന മെച്ചപ്പെടുത്തുന്നതിന് ഓരോ ദിവസത്തെയും വിദ്യാലയത്തിലെയും വീട്ടിലെയും അനുഭവങ്ങൾ എഴുതുവാൻ അവസരം നൽകുന്നു. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ |
| സ്പോക്കൺ ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് കുട്ടികൾക്ക് നൽകുന്ന പരിശീലനം | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ |
| Read and lead | Reading, Cards and Library book for kids.<br>- Read a book together and ask questions about Story and cards. | Twice in a month. | English teacher |
| school radio<br><br>Magazines | - News paper reading<br>- reading library books<br>- self introduction in assembly | Quarterly | English teacher |

| | | | |
|---|---|---|---|
| introducing a famous personality. | For example there is a note about Mother Teresa in text book. So children find some points about Teresa and presents it in class. | july-september | English teacher |

**വിഷയം : ഭാഷ (ഹിന്ദി )**

| | | | |
|---|---|---|---|
| ഹിന്ദി അസംബ്ലി | ഹിന്ദി അസംബ്ലി നടത്താൻപരിശീലനം നൽകി അവതരിപ്പിക്കാൻ പ്രാപ്ത മാക്കൽ | വർഷം മുഴുവനും | ഹിന്ദി അധ്യാപകൻ |
| കലാ അവതരണത്തിനായി അവസരം | സ്കൂൾ തലത്തിൽ ഓരോ മാസവും ഹിന്ദിയിൽ കലാ അവതരണത്തിനായി ( കവിത, കഥാ ) അവസരം നല്കുന്നു. | വർഷം മുഴുവനും | ഹിന്ദി അധ്യാപകൻ |
| ഫോട്ടോ ശേഖരിച്ച് പ്രദർശിപ്പിക്കലും, പ്രൊഫൈൽ നിർമ്മാണവും. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഹിന്ദി സാഹിത്യകാരന്മാരുടെ ഫോട്ടോ ശേഖരിച്ച് പ്രദർശിപ്പിക്കലും,പ്രൊഫൈൽ നിർമ്മാണവും. | വർഷം മുഴുവനും | ഹിന്ദി അധ്യാപകൻ |
| വ്യാകരണ കളികൾ ( व्याकरण | പദസൂര്യൻ ഉപയോഗിച്ച് വ്യാകരണകളികൾ ( व्याकरण खेल ) | വർഷം മുഴുവനും | ഹിന്ദി അധ്യാപകൻ |

| | | | |
|---|---|---|---|
| खेल ) | | | |
| ഹിന്ദി ലൈബ്രറി | ക്ലാസ് തലത്തിൽ ഹിന്ദി പുസ്തകങ്ങൾ ശേഖരിച്ച് സ്കൂൾതല ഹിന്ദി ലൈബ്രറി നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനം. | വർഷം മുഴുവനും | ഹിന്ദി അധ്യാപകൻ |

**വിഷയം : പരിസരപഠനം, അടിസ്ഥാന ശാസ്ത്രം**

| | | | |
|---|---|---|---|
| മഴമാപിനി നിർമ്മിക്കൽ | പാഠപുസ്തകത്തിലെ ആവശ്യമായ സാമഗ്രികൾ ഉപയോഗിച്ച് കുട്ടികൾ മഴമാപിനി തയ്യാറാക്കുന്നു.മഴ ഉള്ള ദിവസങ്ങളിൽ സ്കൂളിൽ നിന്ന് തന്നെ അത് പരീക്ഷിക്കുന്നു. | ഓഗസ്റ്റ് | മൂന്നാം ക്ലാസ് അധ്യാപകൻ |
| ശാസ്ത്രോത്സവം. | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. ലഘുപരീക്ഷണങ്ങൾ, ശേഖരണം, ലഘുപരീക്ഷണങ്ങൾ ഇവയുടെ പ്രദർശനം.. | സെപ്തംബർ ഒക്ടോബർ | ശാസ്ത്ര അധ്യാപകൻ |
| പൊതുവിജ്ഞാനം വർധിപ്പിക്കൽ. | പൊതുവിജ്ഞാനപ്രദങ്ങളായ ചോദ്യങ്ങൾ,ആനുകാലികപ്രസക്തിയുള്ള ചോദ്യങ്ങൾ ദിനാചരണ കുറിപ്പുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തി എഴുതുന്നു. | വർഷം മുഴുവൻ | ശാസ്ത്ര ക്ലബ്ബ് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകൻ |

| | | | |
|---|---|---|---|
| ആഹാരം ആരോഗ്യ ത്തിന് - പോഷകാ ഹാര ബോധവ ൽക്കരണ ക്ലാസ് - സമീകൃതാ ഹാര ചാർട്ട് , - ഫുഡ് പ്ലേറ്റ് | വീട്ടുപരിസരത്തു നിന്ന് ലഭിക്കുന്ന ഭക്ഷണ വസ്തുക്കൾ ഉപയോഗിച്ച് ഫുഡ് പ്ലേറ്റ് തയ്യാറാക്കുന്നു. എല്ലാ പോഷകഘടകങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യകത ബോധവൽക്കരിക്കുന്നതിനായി ബോധവൽകരണ ക്ലാസ് സംഘടിപ്പിക്കുന്നു.സമീകൃതാഹാര ചാർട്ട് തയ്യാറാക്കുന്നു. | ഓഗസ്റ്റ് | വിഷയം കൈകാ ര്യം ചെയ്യുന്ന അധ്യാപ കൻ |
| പ്രഥമ ശുശ്രൂഷ - മോക്ക് ഡ്രിൽ | ഫുട്ബോൾ കളിക്കിടയിൽ നിങ്ങളുടെ കൂട്ടുകാരൻ വീണ് കൈക്ക് ഒടിവു പറ്റി . അവർക്ക് കൊടുക്കാവുന്ന പ്രഥമ ശുശ്രൂഷ അത് എങ്ങനെ നൽകാം എന്നതിനെ കുറിച്ച് മോക്ഡ്രിൽ സംഘടിപ്പിക്കുന്നു. | ജൂൺ, ജൂലൈ ആഗസ്ത് | വിഷയം കൈകാ ര്യം ചെയ്യുന്ന അധ്യാപ കൻ |
| ശാസ്ത്ര ചിന്തകൾ | കുട്ടികൾക്ക് അവരുടെ ശാസ്ത്രചിന്തകൾ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. കൂടാതെ പുതിയ കണ്ടുപിടിത്തങ്ങളുടെ വിവരണവും നടത്തുന്നു.<br>കുറിപ്പ്, സെമിനാർ, പ്രോജക്റ്റ് എന്നിവ ഉപയോഗപ്പെടുത്തുന്നു | വർഷം മുഴുവൻ | ശാസ്ത്ര ക്ലബ്ബ് |

## വിഷയം : സമൂഹ്യശാസ്ത്രം

| | | | |
|---|---|---|---|
| മാധ്യമ ക്വിസ് | എല്ലാ മാസങ്ങളിലും ആനുകാലികങ്ങളിലും , റേഡിയോ , ടി വി , പത്രം എന്നിവയിലും വരുന്ന വാർത്തകൾ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരം . വിജയികളുടെയും , പങ്കെടുത്ത മറ്റ കുട്ടികളുടെയും പേരും പോയിന്റും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു . | എല്ലാ മാസങ്ങളിലും | സമൂഹ്യം ക്ലബ്ബ് |
| വായനാ കോർണർ | അധികവായനയ്ക്ക് ഉപയോഗപ്പെടുത്താൻ ഉതകുന്ന പുസ്തകങ്ങൾ , ക്വിസ് ബുക്കുകൾ, അറ്റ്ലസുകൾ എന്നിവ ഉപയോഗപ്പെടുത്തി സാമൂഹ്യ ശാസ്ത്ര വായനാ കോർണർ തയ്യാറാക്കൽ | വർഷം മുഴുവൻ | സമൂഹ്യം ക്ലബ്ബ് |
| സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരിടത്ത് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | ജൂൺ, ജൂലൈ ആഗസ്റ്റ് | സമൂഹ്യം ക്ലബ്ബ് |
| സാമൂഹ്യ ശാസ്ത്രമേള | കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് സ്കൂൾ മേള സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | സമൂഹ്യം ശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| സ്കൂൾ പാർലമെന്റ് | ജനാധിപത്യ രീതികൾ കുട്ടികൾക്ക് മനസ്സിലാക്കാനും , ജനാധിപത്യ പ്രക്രിയകളിൽ സക്രിയമായി ഇടപെടാനുമുള്ള അവസരം ഉണ്ടാക്കാൻ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുന്നു. | ആഗസ്റ്റ് | സമൂഹ്യം ശാസ്ത്ര അധ്യാപകൻ |

**വിഷയം : ഗണിത ശാസ്ത്രം**

| | | | |
|---|---|---|---|
| ആഴ്ച ക്വിസ് | ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി ആഴ്ചയിൽ LP , UP വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകമായി ക്വിസ് സംഘടിപ്പിക്കുന്നു. ചോദ്യങ്ങൾ അറിവിടത്തിൽ പ്രദർശിപ്പിക്കുന്നു. പിന്നീട് ഇവ കോർത്തിണക്കി മാസത്തിൽ ഒരുക്വിസ് നടത്തുന്നു. | വർഷം മുഴുവൻ | ഗണിത ക്ലബ്ബ് , വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകൻ |
| ഗണിത ക്ലിനിക്ക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനലക്ഷ്യങ്ങൾ ഉറപ്പാക്കാൻ പ്രത്യേകപരിശീലനം രാവിലെ 9 മണി മുതൽ 9.45 വരെ | വർഷം മുഴുവൻ | വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകൻ |
| ഗണിത ലാബ് | 1 മുതൽ 7 വരെ ക്ലാസിലെ | ജൂൺ, | വിഷയം കൈകാ |

| | | | |
|---|---|---|---|
| | കുട്ടികളെ പഠിപ്പിക്കാനും, കുട്ടികൾക്ക് സ്വയം പഠിക്കാനുമുള്ള ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>ഗണിതലാബിൽ സജ്ജീകരിക്കൽ | ജൂലൈ , ആഗസ്റ്റ് | ര്യം ചെയ്യുന്ന വർ SRG |
| ഗണിത ശാസ്ത്രമേള | കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് സ്കൂൾ മേള സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | ഗണിത ശാസ്ത്ര അധ്യാപകൻ |
| മഞ്ചാടി | കുട്ടികളുടെ ഗണിത അഭിരുചി വളർത്താനും മൂർത്ത ചിന്തനശേഷി കൂട്ടാനും കെ ഡിസ്ക് ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടി. | വർഷം മുഴുവൻ | മൂന്ന്, അഞ്ച്, ക്ലാസിലെ ഗണിത അധ്യാപകൻ |

## വിഷയം : പൊതു കാര്യങ്ങൾ

| | | | |
|---|---|---|---|
| കായിക പരിശീല | കുട്ടികൾക്ക് അത് ലറ്റിക് | ജൂൺ - ഒക്ടോബ | കായിക ാധ്യാപ |

| | | | |
|---|---|---|---|
| നം | ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകൽ | ർ | കൻ<br>PTA |
| പ്രവൃത്തി പരിചയ പരിശീല നം | കുട്ടികൾക്ക് ഇഷ്ടമുള്ള കൗതുകവസ്തു നിർമ്മാണത്തിൽ പ്രത്യേക പരിശീലനം | സെപ്റ്റംബ ർ - നവംബർ | പ്രവൃത്തി പരിചയ അധ്യാ പകൻ |
| മിഡ് ടേം പരീക്ഷ | കുട്ടികളുടെ അക്കാദമിക മികവ് വിലയിരുത്തുന്നതിന് പ്രത്യേകം ചോദ്യങ്ങൾ തയ്യാറാക്കി ടേം പരീക്ഷകൾക്ക് മുമ്പായി രണ്ട് മിഡ് ടേം പരീക്ഷ നടത്തുന്നു. | ജൂലൈ, നവംബർ | വിഷയം കൈകാ ര്യം ചെയ്യുന്ന അധ്യാ പകൻ |
| സഹപഠ ന ക്യാമ്പ് | സ്കൂളിൽ താമസിച്ചു കൊണ്ട് വിവിധ വിഷയങ്ങളിൽ കുട്ടികൾക്ക് പരിശീലനങ്ങൾ നൽകാൻ സഹപഠന ക്യാമ്പ് സംഘടിപ്പിക്കുന്നു | ജനുവരി, മാർച്ച് | SRG - UP, LP |
| വിജയോ ത്സവം | വിവിധ മത്സര പരീക്ഷകളിലും , മേളകളിലും വിജയിച്ചവരെ അനുമോദിക്കാൻ വിജയോത്സവം സംഘടിപ്പിക്കുന്നു. | ജനുവരി | HM, PTA |
| പഠനോ ത്സവം | കുട്ടികളുടെ അക്കാദമിക മികവ് സമൂഹത്തിലേക്ക് | ഫെബ്രുവ രി | മുഴുവൻ അധ്യാ |

| | | | |
|---|---|---|---|
| | എത്തിക്കുന്നതിന്റെ ഭാഗമായി പഠനോത്സവം സംഘടിപ്പിക്കുന്നു | | പകരും |
| LSS, USS പരിശീലനം | 4, 7 ക്ലാസിൽ പഠന മികവ് തെളിയിച്ച കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ എൽ എസ് എസ്, യു എസ് എസ് പരിശീലനം നൽകുന്നു. | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | പി ടി എ ബന്ധപ്പെട്ട അധ്യാപകർ |
| വാർഷികാഘോഷം. | സ്കൂൾ കുട്ടികളുടെ കലാപ്രകടനങ്ങൾക്കുള്ള അവസരമായി സ്കൂൾ വാർഷികം സംഘടിപ്പിക്കുന്നു. | മാർച്ച്/ ഏപ്രിൽ | PTA, അധ്യാപകർ |

**<u>സ്കൂൾ ജീവനക്കാരുടെ പേര് വിവരങ്ങൾ</u>**

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | വിനോദ് കെ വി | HM |
| 2 | ശൈലജ ടി | UPST |
| 3 | സേതുമാധവൻ കെ | UPST |
| 4 | പ്രവിത എൻ.വി | UPST |
| 5 | ജിതേഷ് സി.ടി | FT Hindi |
| 6 | സ്മിത കെ.പി. | FT Sanskrit |
| 7 | ബിന്ദു എം.വി | LPST |
| 8 | സൗരവ് മുരളി | LPST |
| 9 | രേഷ്മ ചന്ദ്രൻ | LPST |
| 10 | ശ്യാംകുമാർ എ.വി. | OA |

ഹെഡ്മാസ്റ്റർ